# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/245/2017 2017 നവംബർ 21

## <u>പത്രക്കുറിപ്പ്</u>

**<u>പരീക്ഷാഫലം</u>**

2017 മെയ് മാസത്തിൽ നടന്ന നാലാം സെമസ്റ്റർ എം.എസ്.സി. മൈക്രോബയോളജി (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. കാലടി ശ്രീശങ്കര കോളേജിലെ മെറിൻ പോൾ, ശ്രീദേവി പി.കെ., വി. ജീവ എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 4 വരെ അപേക്ഷിക്കാം.

2016 നവംബറിൽ നടന്ന ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.ബി.എ. ബി.സി.എ. ബി.ബി.എം, ബി.എസ്.ഡബ്ല്യു, ബി.എഫ്.ടി., ബി.റ്റി.എസ്. (2013 മുതൽ അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 5 വരെ അപേക്ഷിക്കാം.

**<u>പ്രാക്ടിക്കൽ</u>**

2017 ഒക്ടോബറിൽ നടന്ന മൂന്നാം സെമസ്റ്റർ (സി.ബി.സി.എസ്.എസ്.) ബി.എസ്.സി. മൈക്രോബയോളജി ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ നവംബർ 28 മുതൽ ഡിസംബർ 15 വരെ ബന്ധപ്പെട്ട കോളേജുകളിൽ നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

അഫിലിയേറ്റഡ് കോളേജുകളിലും ഗാന്ധിനഗർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലൈബ്രറി ആന്റ് ഇൻ ഫർമേഷൻ സയൻസസിലും 2017 ഒക്ടോബറിൽ നടന്ന രണ്ടാം സെമസ്റ്റർ ബി.എൽ.ഐ.എസ്.സി. (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ കോട്ടയം ഗാന്ധിനഗർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസസ്, കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളേജ് എന്നീ കേന്ദ്രങ്ങളിൽ നവംബർ 27 മുതൽ 29 വരെ നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**<u>ബി.ടെക്/ബി.ആർ.ക് പരീക്ഷ: അഡീഷണൽ ചീഫ് സൂപ്രണ്ട്/ഇൻവിജിലേറ്റർ നിയമനം</u>**

ഇന്ന് (നവംബർ 22) ആരംഭിക്കുന്ന ബി.ടെക്/ബി.ആർക് നവംബർ/ഡിസംബർ 2017 പരീക്ഷയ്ക്ക് നിയമിക്കപ്പെട്ട അഡീഷണൽ ചീഫ് സൂപ്രണ്ടുമാരുടെയും ഇൻവിജിലേറ്റർമാരുടെയും പട്ടിക സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**അടിക്കുറിപ്പ്**

**സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെയും മഹാത്മാഗാന്ധി സർവ്വകലാശാലാ പരിസ്ഥിതി പഠന വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ നടക്കുന്ന എറുഡേറ്റ് പ്രഭാഷണ പരമ്പരയുടെ ഉദ്ഘാടനചടങ്ങിൽ ജപ്പാൻ ശാസ്ത്രജ്ഞൻ പ്രൊഫ. അരിഗയെ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ പൊന്നാട അണിയിക്കുന്നു**

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**